**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2560** **02-08-2021 - ൽ മറുപടിയ്ക്ക്**

**അളനാട് ഗവൺമെന്റ് യു.പി. സ്കൂളിനായി സ്കൂൾ ബസ് വാങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പാലാ നിയോജക മണ്ഡലത്തിലെ അളനാട് ഗവൺമെന്റ് യു.പി. സ്കൂളിനായി ബസ് വാങ്ങുന്നതിന് എം.എൽ.എ ഫണ്ടിൽ നിന്നും 14 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ചതിൻമേൽ കോട്ടയം ജില്ലാകളക്ടർ ഗവൺമെന്റ് നിർദ്ദേശത്തിനായി ഫയൽ അയച്ച സാഹചര്യത്തിൽ സ്കൂൾ ബസ് സമയ ബന്ധിതമായി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | 2020-21 സാമ്പത്തിക വർഷം പാലാ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 14ലക്ഷം രൂപ വിനിയോഗിച്ച് അളനാട് ഗവൺമെന്റ് യു.പി സ്കൂളിന് വാഹനം വാങ്ങുവാൻ 20/02/2021-ലെ കോട്ടയം ജില്ലാ കളക്ടറുടെ ഡി4/3679/2020/MLA-ADS/MCK നം.ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ബസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ഡി.ഡി-യിൽ നിന്നും പൂർത്തീകരിച്ച് വരികയാണ്. വാഹനം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ബസ് സമയബന്ധിതമായി വിതരണം ചെയ്യാനാകും. |

സെക്ഷൻ ഓഫീസർ